റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കാൻ നടപടി

63 [2113] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കാൻ ഈ ഗവൺമെൻറ് അധികാരമേറ്റശേഷം എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ പൊതു ഉടമയിലുള്ളത്;

(സി) ഈ സാമ്പത്തിക വർഷം റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോഴ്സ് സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതു ഉടമയിൽ സംസ്ഥാനത്ത് റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ല.

(സി) റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോഴ്സ് സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

റൂൾ 50 അനുസരിച്ചുള്ള നോട്ടീസ്

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മൂന്ന് വനിതാ മെമ്പർമാർ ചേർന്ന് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷേ ഒരു അടിയന്തിര പ്രമേയമെന്നുള്ള നിലയിൽ മറുപടി പറയാനുള്ള വിവരങ്ങൾ ഗവൺമെൻറിൻെറ പക്കലില്ല. ഏതായാലും അതുന്നയിക്കാൻ അവസരം നൽകാം. ഗവൺമെൻറ് ആ സന്ദർഭത്തിൽ മറുപടി ശേഖരിച്ച് പറയുകയും ചെയ്യും. So you can raise it as a submission and I will call you.

9.30 a.m.]

II. ശ്രദ്ധക്ഷണിക്കൽ

(i) ഗുരുവായൂർ ടൗൺഷിപ്പിൻെറ വികസനം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ ടൗൺഷിപ്പിൻെറ അതിപ്രധാനമായ രണ്ട് പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെൻറിൻേറയും ശ്രദ്ധ ക്ഷണിക്കുകയാണ്. മത മൈത്രിയുടേയും സാമുദായിക സൗഹാർദ്ദത്തിൻേറയും ജീവൽ പ്രതീകമാണ് ഗുരുവായൂർ. ഗുരുവായൂർ ക്ഷേത്രപരിസരത്തുനിന്ന് ഒട്ടും അകലെയല്ല പ്രസിദ്ധമായ പാലയൂർ ചർച്ച്. മണത്തല പള്ളിയും പ്രശസ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ക്ഷേത്രത്തിന് വർഷങ്ങൾക്ക് മുൻപ് അഗ്നിബാധയുണ്ടായപ്പോൾ ഈ ദേവാലയം സംരക്ഷിക്കുന്നതിന് പാലയൂർ ചർച്ചിൽ നിന്നും മണത്തല പള്ളിയിൽ നിന്നും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഓടി എത്തിയിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ടുതന്നെ മത സൗഹാർദ്ദത്തിന്റെ കടിത്തട്ടിൽ നിലകൊള്ളുന്ന ഗുരുവായൂർ ടൗൺഷിപ്പിന്റെ വികസനത്തിലും വളർച്ചയിലും എല്ലാ വിഭാഗമാളുകളും തൽപ്പരരാണ്. പക്ഷേ ഗുരുവായൂരിന്റെ അടിസ്ഥാന പ്രശ്നം പരിഹരിക്കുന്നില്ലയെന്നത് അങ്ങേയറ്റം ഖേദകരമാണ്. 1862 ജനുവരി 26-നാണ് ഗുരുവായൂർ ടൗൺഷിപ്പ് നിലവിൽ വരുന്നത്. 1981-ലെ സെൻസസ് അനുസരിച്ച് അവിടത്തെ ജനസംഖ്യ 17,858 ആണ്. അവിടെ ദൈനംദിനമെത്തിക്കൊണ്ടിരിക്കുന്ന കേന്ദ്രജനങ്ങളും ലക്ഷക്കണക്കിനാണ്. ഇതിന്റെ വിസ്തൃതി എട്ടാണ്ട് എഴര സ്ക്വയർ കിലോമീറ്റർ മാത്രമാണ്. ശബരിമല സീസണിൽ ഗുരുവായൂർ എത്തുന്ന കേന്ദ്രജനങ്ങളുടെ എണ്ണം രണ്ട് കോടിയിൽ കൂടുതലാണ്. അവിടെ ഓരോ ദിവസവും നടക്കുന്ന കല്യാണങ്ങളും 100 കണക്കിനാണ്. ചില ദിവസങ്ങളിൽ അത് 700 വരെ ഉയരാറുണ്ട്. ഇതിന്റെയൊക്കെ അവശിഷ്ടങ്ങളും മാലിന്യങ്ങളും മാറിടമില്ലാത്തതുകൊണ്ട് റോഡിൽ തന്നെ കുഴിച്ചു മൂടുകയാണ്. ആവശ്യത്തിന് കക്കൂസില്ലാത്തതുകൊണ്ട് മലമൂത്രവിസർജ്ജനവും വഴിയോരികിൽ തന്നെയാണ്. ഈ അവസ്ഥ തുടർന്നാൽ ഒട്ടും വൈകാതെ അവിടത്തെ മണ്ണുപോലും മാലിന്യമാകുമെന്നാണ് വിദഗ്ദ്ധൻമാർ അഭിപ്രായപ്പെടുന്നത്. ഈ ഗുരുതരമായ അവസ്ഥ നേരിടുന്നതിനുവേണ്ടി എഴുപതുകളുടെ ആരംഭത്തിൽ തന്നെ ഒരു അഴുക്കുചാൽ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ ഇതിനായി ചെലവഴിച്ചുവെങ്കിലും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലമില്ലാത്തതുകൊണ്ട് ഇതിന്റെ പണി സ്തംഭിച്ചു കിടക്കുകയാണ്. ഈ ദുഃസ്ഥിതി നേരിടുന്നതിന് ഗുരുവായൂർ നിവാസികളുടേയും അവിടെയെത്തുന്ന കേന്ദ്രജനങ്ങളുടേയും ആരോഗ്യം പരിരക്ഷിക്കുന്നതിനും അവരെ സഹായിക്കുന്നതിനും ടൗൺഷിപ്പിന്റെ വിപുലീകരണം മാത്രമാണ് ഏക പരിഹാരം. അതിനാൽ എത്രയും വേഗം ടൗൺഷിപ്പ് മറ്റ് പ്രദേശങ്ങളും കൂട്ടിച്ചേർത്ത് വിപുലീകരിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് കൈക്കൊള്ളണം. മാത്രമല്ല വിചിത്രമായ മറ്റൊരു വസ്തുത ടൗൺഷിപ്പിന്റെ രേണസമിതി ഇപ്പോഴും ഒരു സർക്കാർ നോമിനേറ്റഡ് ബോഡിയുടെ കൈയിലാണ് എന്നതാണ്. അധികാര വികേന്ദ്രീകരണം സാർവ്വത്രികമായി നടപ്പാക്കുന്നു എന്ന തോന്നൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ജനാധിപത്യ ഇൻഡ്യയുടെ സുന്ദര മുഖത്ത് ഒരു കറുത്ത പുള്ളിയായി രേണസമിതി നിലകൊള്ളുകയാണ്. ജില്ലാ കളക്ടർ ഉൾപ്പടെ നാല് സർക്കാർ ഉദ്യോഗസ്ഥൻമാരും കാലാകാലങ്ങളിൽ സർക്കാർ നോമിനികളായി വരുന്ന മൂന്നു പേരുമാണ് ഈ സമിതിയിലെ അംഗങ്ങൾ. അവർക്ക് ജനങ്ങളോട് യാതൊരുത്തരവാദിത്വവുമില്ല. ഓരോ വർഷവും തെരഞ്ഞെടുപ്പ് നടത്തി ജനവിധി തേടിയാൻ ശ്രമിക്കുന്ന ഗവൺമെന്റാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ളത്. പക്ഷേ ഗുരുവായൂരിലെ ജനങ്ങൾ മാത്രം ഉദ്യോഗസ്ഥ മേധാവികളുടെ നീരാളിപ്പിടിത്തത്തിൽ സർവ്വ സ്വാതന്ത്ര്യവും അടിയറ വയ്ക്കേണ്ടി വരികയാണ്. ഇൻഡ്യയിൽത്തന്നെ തെരഞ്ഞെടുപ്പില്ലാത്ത, ജനപ്രാതിനിധ്യമില്ലാത്ത ഒരേ ഒരു നാട് ഗുരുവായൂരാണ്. തൽമൂലം ജനാധിപത്യ സ്വഭാവമില്ലാത്ത ഒറപ്പെട്ട ഒരു തുരുത്തായി ഗുരുവായൂർ നിലകൊള്ളുന്നു. ഈ നില മാറി ജനപ്രതിനിധികളുടെ കയ്യിൽ ഗുരുവായൂരിന്റെ രേണച്ചുമതല ഏൽപ്പിക്കുന്നതിന് അടിയന്തിരമായി അവിടെ തെരഞ്ഞെടുപ്പ് നടത്തണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യത്തിനുവേണ്ടിയുള്ള ജനങ്ങളുടെ വികാരമുൾക്കൊള്ളണമെന്നും. ബഹുമാനപ്പെട്ട മന്ത്രിയോട് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാനഭ്യർത്ഥിക്കുന്നു.

നഗരവികസന സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. വി. ജെ. തങ്കപ്പൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം സർക്കാർ തലത്തിൽ മുൻപുന്നയിച്ചിട്ടുള്ളതാണ്. 1961-ലെ ഗുരുവായൂർ ടൗൺഷിപ്പ് ആക്ടിലെ 3-ാം വകുപ്പനുസരിച്ച് ഗസറ്റ് വിജ്ഞാപനം വഴി നാല് ഔദ്യോഗിക അംഗങ്ങളും അടങ്ങിയ ഏഴംഗ കമ്മിറ്റിയെ സർക്കാരിനു നോമിനേറ്റ് ചെയ്യാവുന്നതാണ്. ടൗൺഷിപ്പ് കമ്മിറ്റിയെ തെരഞ്ഞെടുപ്പിലൂടെ കൊണ്ടുവരണമെന്നുള്ളതിനു നിയമപരമായ ഭേദഗതി നിയമത്തിൽ വേണ്ടിവരും. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറയുമ്പോഴും തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയാവണം ഭരിക്കേണ്ടത് എന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയാകുമ്പോൾ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് നേരിട്ട് പരിഹാരം കാണാൻ തീർച്ചയായും കഴിയുന്നതാണ്. അടുത്തുള്ള ഏതെങ്കിലും പഞ്ചായത്തുകൂടി ചേർത്ത് ടൗൺഷിപ്പ് വിപുലീകരിക്കണമെന്നും ഗവൺമെന്റിനുദ്ദേശമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്. ഇതിന് നയപരമായ തീരുമാനമെടുത്ത് പ്രഖ്യാപിക്കുന്നത് ശരിയാണോ എന്ന് എനിക്ക് സംശയമുണ്ട്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഗുരുവായൂർ ടൗൺഷിപ്പ് വിപുലീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയെ തന്നെ അധികാരമേൽപ്പിക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ തീരുമാനമെടുത്ത് സഭയെ അറിയിക്കാനോ പ്രഖ്യാപിക്കാനോ കഴിയാത്തതുകൊണ്ട് അതിൽ ഖേദമുണ്ട്. ഇത് മുൻപുന്നയിച്ചിരുന്നുവെങ്കിൽ തീർച്ചയായും. അതിനെ സംബന്ധിച്ചൊരു തീരുമാനമെടുക്കാനും പ്രഖ്യാപിക്കാനും കഴിയുമായിരുന്നു. കഴിഞ്ഞ മാർച്ച് 25-ാം തീയതിക്കുശേഷം നയപരമായ പ്രശ്നങ്ങളിൽ തീരുമാനമെടുക്കരുതെന്നും പ്രത്യേകിച്ചും 1-നുശേഷം ഒന്നും ജനങ്ങളെ ആകർഷിക്കുന്ന ഒരു പ്രോമിസും നൽകരുതെന്നും ചീഫ് ഇലക്ഷൻ കമ്മീഷണറിൽ നിന്നും വ്യക്തമായി ഗവൺമെന്റുകൾക്ക് നിർദ്ദേശം തന്നിട്ടുള്ളതുകൊണ്ട് ഈ കാര്യത്തിൽ ഒരു പ്രഖ്യാപനം നടത്താൻ ബുദ്ധിമുട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. കെ. ബാവ: അവിടത്തെ ജനങ്ങളുടെ ആവശ്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: തീർച്ചയായും. ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ii) കേരള മിനറൽസ് ആൻഡ് മെറ്റൽസ് നേരിടുന്ന പ്രതിസന്ധി

ശ്രീ. ബാബു ദിവാകരൻ: സർ, നമ്മുടെ സംസ്ഥാനത്തെ വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ വളരെ ഭീതിജനകമായ ഒരു സുപ്രധാന വിഷയം. ഗവൺമെന്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly